2. പത്തനംതിട്ട ജില്ലയിലെ പന്തളം ഷുഗർ കെയിൻ സീഡ് ഫാമിൽ 50-ലധികം പശുക്കളുള്ള ഒരു ഡയറി യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പൂല്ലാട് സീഡ് ഫാം, അട്ടർ സീഡ് ഫാം എന്നിവയിലും പശുവളർത്തൽ കേന്ദ്രങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

3. എറണാകുളം ജില്ലയിലെ ആലുവ സ്റ്റേറ്റ് സീഡ് ഫാമിൽ ഡയറി യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

4. കണ്ണൂർ ജില്ലയിലെ വേങ്ങോട് സ്റ്റേറ്റ് സീഡ് ഫാമിലും കാങ്കോൽ സ്റ്റേറ്റ് സീഡ് ഫാമിലും പശുവളർത്തൽ കേന്ദ്രങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

5. കാസർഗോഡ് ജില്ലയിലെ പൂല്ലൂർ ഫാമിൽ 18 പശുക്കളുള്ള ഡയറി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ പശുവളർത്തൽ കേന്ദ്രങ്ങൾ ഫാമിൽ തുടങ്ങുന്നതിന് പ്രോജക്ട് ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. തൃശ്ശൂർ ജില്ലയിൽ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

4. ഫാമുകളിലായി 20 ലക്ഷം രൂപയുടെ പ്രോജക്ട് മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന് അനുമതി ലഭിച്ചിട്ടുണ്ട്. നടപടികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ കുത്താളി ജില്ലാ കൃഷിത്തോട്ടത്തിൽ 20 പശുക്കൾക്കുള്ള തൊഴുത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി നടപടികൾ ഉടൻ പൂർത്തിയാക്കുന്നതാണ്.

(സി) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവ കൃഷി രീതിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറി ഇറക്കുമതി

135 (3104) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷം അന്യ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് ഏതെല്ലാം ഇനങ്ങളിലുള്ള പച്ചക്കറികൾ എത്ര അളവുവീതം ഇറക്കുമതി ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് വൻതോതിൽ പച്ചക്കറി ഇറക്കുമതി ചെയ്യുന്നതിനാൽ കേരളത്തിലെ പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് വിലകുറയുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിലക്കുറവ് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 1-4-2014 മുതൽ 28-2-2015 വരെ 16258.05 ടൺ പച്ചക്കറി ഹോർട്ടികോർപ്പ് അയൽ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വന്നിട്ടുണ്ട്. ഇതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. ഹോർട്ടികോർപ്പിനു പുറമെ സംസ്ഥാനത്തെ സ്വകാര്യ വ്യാപാരികളും ഏജൻസികളും പച്ചക്കറികൾക്കായി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ കൊണ്ടുവരുന്ന പച്ചക്കറികളുടെ കണക്ക് ലഭ്യമല്ല.

(ബി) കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികളാണ് അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നത്. കേരളത്തിൽ ചില സീസണുകളിൽ ഒരേയിനം പച്ചക്കറികളുടെ ഉൽപ്പാദനത്തിലുള്ള വർദ്ധനവുമൂലം പ്രസ്തുത ഇനങ്ങളുടെ വില കുറയുന്നതായി കാണുന്നുണ്ട്.

(സി) പച്ചക്കറി ഉൽപ്പന്നങ്ങളുടെ വിലക്കുറവ് തടയുന്നതിന് വിപണി ഇടപെടൽ പദ്ധതികളിലൂടെ, കൃഷിവകുപ്പ് ഇടപെടൽ നടത്തിക്കൊണ്ട് ഹോർട്ടികോർപ്പ് മുഖേന കർഷകരിൽ നിന്നും ന്യായമായ വിലയ്ക്ക് സംഭരണം നടത്തിവരുന്നു.

പോളി ഫാം ഹൗസുകൾ

136 (3106) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോളി ഫാം ഹൗസുകൾ തുടങ്ങുന്നതിന് നിശ്ചിത സെന്റ് സ്ഥലം വേണമെന്നുള്ള വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ എത്ര സെന്റ് സ്ഥലം വേണമെന്നാണ് വ്യവസ്ഥയെന്ന് വ്യക്തമാക്കാമോ ;

(ബി) നിർമ്മാണ ചെലവിന്റെ എത്ര ശതമാനമാണ് സബ്സിഡിയായി ഗുണഭോക്താക്കൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly